റാന്നി റവന്യൂ ടവർ നിർമ്മാണം ആരംഭിക്കാൻ നടപടി

112 [1051] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിലെ റവന്യൂ ടവർ നിർമ്മാണത്തിനായി ഇക്കഴിഞ്ഞ 2 ബഡ്ജറ്റുകളിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത് ;

(ബി) പ്രസ്തുത ടവർ നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) തടസ്സങ്ങൾ നീക്കി ഇതിന്റെ നിർമ്മാണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡിന്റെ റിവൈസ്ഡ് ബഡ്ജറ്റിൽ 2004-05-ൽ ഒരു ലക്ഷം രൂപ റാന്നി റവന്യൂ ടവറിനുവേണ്ടി ഉൾക്കൊള്ളിച്ചിരുന്നു. 2005-06-ൽ തുക യൊന്നും വകയിരുത്തിയിട്ടില്ല.

(ബി & സി) റാന്നി റവന്യൂ ടവറിന്റെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗുകളും മറ്റും തയ്യാറാക്കുവാൻ കോട്ടയത്തെ ആൻസൺസ് ഗ്രൂപ്പുമായി കരാർ വച്ചിരുന്നുവെങ്കിലും ബോർഡിലെ ആർക്കിടെക്ചറൽ വിഭാഗം തന്നെ തയ്യാറാക്കുവാൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ പ്രസ്തുത സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ രേഖയിലുള്ള എടക്കര വാർഡ്

113 [1052] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിലെ തലക്കളത്തൂർ പഞ്ചായത്തിലെ എടക്കര വാർഡ് ഇപ്പോഴും റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ രേഖയിൽ കൊയിലാണ്ടി താലൂക്കിലാണ് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ കാര്യം അന്വേഷിച്ച് കോഴിക്കോട് താലൂക്കിലെ മറ്റ് ഭരണകാര്യങ്ങൾ മുഴുവൻ കോഴിക്കോട് താലൂക്കിലുള്ള ഓഫീസുകളിലേക്ക് മാറ്റി ഉത്തരവ് ഉണ്ടാകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ പഞ്ചായത്തിലെ എടക്കര വാർഡിന്റെ ഭരണപരമായ എല്ലാ സർട്ടിഫിക്കറ്റുകളും തലക്കളത്തൂർ വില്ലേജിൽ നിന്നു തന്നെയാണ് നൽകിവരുന്നത്. എന്നാൽ ഫീൽഡ് മെഷർമെന്റ് ബുക്കിൽ (F.M.B.) എടക്കര ദേശം കൊയിലാണ്ടി താലൂക്കിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly